## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1686 | 10.03.2020 - ൽ മറുപടിക്ക് |
|---|---|

## റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ കൺസൽട്ടൻസി സേവനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ സാങ്കേതിക വിദഗ്ധരില്ലാത്തതിനാൽ കൺസൽട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | എ)<br>&<br>ബി) | റീ ബിൽഡ് കേരളയിൽ വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള വിദഗ്ധരായ കൺസൾട്ടൻസിനെ ആർ.കെ.ഐ -യുടെ പ്രൊജെക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് (PMSS) ആയി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സുതാര്യമായ ബിഡിങ് നടപടിക്രമത്തിലൂടെ KPMG എന്ന കൺസൾട്ടിങ് സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. KPMG-യുമായി കോൺട്രാക്റ്റിലേർപ്പെടുന്ന നടപടികൾ അവസാന ഘട്ടത്തിലാണ് .<br><br>റീ ബിൽഡ് കേരള പ്രൊജെക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് (PMSS ) ആർ.കെ.ഐ. ഫണ്ട് ചെയ്യുന്ന പ്രൊജെക്റ്റുകളുടെ ഇൻവെസ്റ്റ്മെന്റ് പ്ലാനിംഗ്, ഓരോ മേഖലകളുമായി ബന്ധപ്പെട്ട നയരൂപീകരണം, പരിശീലനവും ശേഷി വർധിപ്പിക്കലും, സാങ്കേതികമായ അവലോകനം, പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും, പുരോഗതി വിലയിരുത്തൽ, ആശയവിനിമയം, സങ്കട പരിഹാര മാർഗങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ ഉള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് |
| ബി) | കൺസൽട്ടൻസിയിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നത്. |
| സി) | റീ ബിൽഡ് കേരളയ്ക്ക് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നത്; | സി) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനായി സർക്കാർ ലക്ഷ്യമിടുന്നത്.<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ<br>• കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം<br>• ക്രൗഡ് ഫണ്ടിംഗ്<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം<br>• NIDA വഴി നബാർഡ് ഫണ്ടിംഗ്<br>• ഹഡ്കോയും മറ്റു വായ്പകളും.<br>• ഡയസ്പോറ ബോണ്ടുപോലുള്ള ബജറ്റ് ഇതര ധനസമാഹരണ മാർഗങ്ങൾ |

സെക്ഷൻ ഓഫീസർ